കൊടി ഉയർത്തുവിൻ ജയത്തിൻ കൊടി ഉയർത്തുവിൻ

ഉന്നതൻറെ പർവ്വതത്തിൽ ഒത്തുചേരുവിൻ

ഘോഷിക്കുവിൻ ജയത്തിൻ ഗീതം പാടുവിൻ

രാജാവു ജേതാവായ് നിന്നിലില്ലയോ  നിൻറെ

രാജാവു ജേതാവായ് നിന്നിലില്ലയോ

നമ്മളൊത്തുണർന്നു നീങ്ങണം നന്മതൻ ബലം ധരിക്കണം...2

ജീവനെങ്കിൽ ജീവൻവെച്ചു കർത്തൃസേവ ചെയ്യണം

ഉന്നതവിളിക്കു തക്ക ജീവിതം  നയിക്കണം

പർവ്വതത്തിലെത്ര മോഹനം

സുവാർത്തയോതും ദൂതൻറെ കാൽ

കൊടി...

തിന്മയോടെതിർത്തു നില്ക്കണം നന്മയാൽ ജയം വരിക്കണം-2

ആദ്യസ്നേഹം ആദിമപ്രതിഷ്ഠയും വിശ്വാസവും

ആദ്യനാളിലെന്നപോലെ കാത്തിടും വിശുദ്ധരേ

വീണ്ടെടുപ്പിൻ നാളടുത്തുപോയ്

വേലചെയ്യൊരുങ്ങിനിന്നിടാം

കൊടി...

ലോകത്തെ പരിത്യജിക്കണം ദോഷം വിട്ടകന്നു നീങ്ങണം...2

അന്ധകാരശക്തിയോടെതിർത്തു-നാം ജയിക്കണം

അന്തരംഗം ആത്മശക്തിയാൽ-വിശുദ്ധമാകണം

അന്ത്യകാലം വന്നടുത്തുപോയ്

അന്ത്യദൂതു കേൾക്കുന്നിതാ

കൊടി...

അന്ത്യകാല സംഭവങ്ങളാൽ സംഭ്രമിച്ചിടുന്ന ലോകത്തിൽ...2

ജയമെടുത്ത വീരരായ് വിശുദ്ധരായ് വ്രതസ്ഥരായ്

കൃപയിലെന്നുമാശ്രയിച്ച വരവിനായ് ഒരുങ്ങിടാം

കർത്തനേശു ശീഘ്രം വന്നിടും

കാന്തയും ഒരുങ്ങിടുന്നിതാ

കൊടി..

Kodi uyartthuvin jayatthin kodi uyartthuvin

unnathante parvvathatthil otthucheruvin

ghoshikkuvin jayatthin geetham paaduvin

raajaavu jethaavaayu ninnilillayo  ninte

raajaavu jethaavaayu ninnilillayo                    2

nammalotthunarnnu neenganam nanmathan balam dharikkanam...2

jeevanenkil jeevanvecchu kartthruseva cheyyanam

unnathavilikku thakka jeevitham  nayikkanam    2

parvvathatthilethra mohanam

suvaartthayothum doothante kaal          2                                        koti...

thinmayodethirtthu nilkkanam nanmayaal jayam  varikkanam-2

aadyasneham aadimaprathishdtayum vishvaasavum

aadyanaalilennapole kaatthidum vishuddhare      2

veendeduppin naaladutthupoyu

velacheythorungi ninnidaam           2                                          koti...

lokatthe parithyajikkanam dosham vittakannu neenganam...2

andhakaarashakthiyodethir̽tthu-naam jayikkanam

antharamgam aathmashakthiyaal̽-vishuddhamaakanam 2

anthyakaalam vannadutthupoyu

anthyadoothu kel̽kkunnithaa 2 koti...

anthyakaala sambhavangalaal̽ sambhramicchidunna lokatthil̽...2

jayameduttha veeraraayu vishuddharaayu vrathastharaayu

krupayilennumaashrayicchu varavinaayu orungidaam 2

kar̽tthaneshu sheeghram vannidum

kaanthayum orungidunnithaa 2

koti...